SUNDAY 16/02/2025 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor: Suresh A R Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 16/02/2025

1. വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ ബാക്ടീരിയ വാട്ടത്തിന് എതിരെ പ്രതിരോധശേഷിയുള്ള ഹരിത വഴുതന തൈകൾ വിൽപനക്കെത്തിയിട്ടുണ്ട്. വില ഒന്നിന്

മുട്ടക്കോഴിക്കുഞ്ഞുങ്ങൾ വിൽപനയ്ക്ക്

2. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കൊല്ലം ജില്ലയിലെ കൊട്ടിയം മുട്ടക്കോഴി പ്രജനന കേന്ദ്രത്തിൽ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്കുണ്ട്. ആവശ്യമുള്ളവർ കെപ്കോയുടെ കൊട്ടിയം ലെയർ ബ്രീഡർ ഫാമിൽ നേരിട്ട് ബുക്ക് ചെയ്യണം. ഫോൺ: 9495000933, 9495000923. 2/- രൂപ നിരക്കിൽ ലഭ്യമാണ്.വില്പന സമയം: 9:00 AM - 4:00 PM വരെ.

3. പ്രധാനമന്ത്രി മത്സ്യസംപാദ യോജന പദ്ധതിയിൽ ആറാട്ടുപുഴ മത്സ്യഗ്രാമത്തിൽ ആധുനിക മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ഐസ് ബോക്സ്, അലങ്കാര മത്സ്യവിത്തുൽപാദന യൂണിറ്റ് (മുൻപരിചയവും താൽപര്യവും ഉള്ളവർക്ക് മുൻഗണന), സോളാർ ഡ്രയർ (മത്സ്യത്തൊഴിലാളി വനിത ഗ്രൂപ്പുകൾക്ക്) എന്നിവ വിതരണം ചെയ്യുന്നതിന് 1, 15, 16, 17, 18 വാർഡുകളിൽ നിന്നുള്ള മത്സ്യ അനുബന്ധ തൊഴിലാളികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. താൽപ്പര്യമുള്ളവർ വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷകൾ, ആറാട്ടുപുഴ മത്സ്യഗ്രാമത്തിൽ താമസിക്കുന്നവരെന്ന് തെളിയിക്കുന്ന രേഖകൾ സഹിതം ഫെബ്രുവരി മാസം 19 നു മുമ്പ് ആറാട്ടുപുഴ മത്സ്യഭവൻ ഓഫീസിൽ സമർപ്പിക്കുക ഫോൺ 0 4 77 22 51 10 3

### പരിശീലന പരിപാടി

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണുത്തിയുടെ ആഭിമുഖ്യത്തിൽ "വേനൽക്കാല പരിചരണം

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**കന്നുകാലികൾക്ക്"** എന്ന വിഷയത്തിൽ 21 ഫെബ്രുവരി 2025 നു ഏകദിന സൗജന്യ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കന്നുകാലികളിലെ വേനൽച്ചൂട് സമ്മർദ്ദം എങ്ങനെ ഒഴിവാക്കാം. പ്രജനനം, പ്രത്യുത്പാദനം, പാലുത്പാദനം എന്നിവ എങ്ങനെ മെച്ചപ്പെടുത്താം, വേനല്ച്ചൂടിനെ ചെറുക്കാൻ പാർപ്പിട നിർമ്മാണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവയെക്കുറിച്ചു വിദഗ്ദർ ക്ലാസ്സുകൾ എടുക്കുന്നു. പ്രസ്തുത സൗജന്യ പരിശീലന പരിപാടിയിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ താഴെപറയുന്ന ഫോൺ നമ്പറിൽ 20 ഫെബ്രുവരി 2025 നു മുമ്പായി പ്രവൃത്തി ദിവസങ്ങളിൽ (10 am -5pm) ബന്ധപ്പെട്ടു രജിസ്റ്റർ ചെയ്യുക. ഫോൺ നമ്പർ: **0487-2370773.**

5. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററില് **'തേനീച്ചവളർത്തൽ'** എന്ന വിഷയത്തില് ഫെബ്രുവരി 20, 21 തീയതികളിൽ പരിശീലനം സംഘടിപ്പിക്കുന്നു. 1,100/- രൂപയാണ് ഫീസ്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ 18.02.2025 തീയതിയ്ക്കുള്ളിൽ അറിയിക്കേണ്ടതാണ്. പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ 5 വരെ **8547070773 എന്ന** ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

6. ക്ഷീരവികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീരകർഷകർക്ക് വിവിധ വിഷയങ്ങളിൽ **ഫെബ്രുവരി 19, 20** എന്നീ തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471-2501706 / 9388834424 എന്നീ നമ്പരുകളിൽ വിളിക്കുക അല്ലെങ്കിൽ വാട്സ് അപ്പ് റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ

ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് ഫെബ്രുവരി 19 മുതൽ 21 വരെയുള്ള തീയതികളിൽ നടക്കും. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് **0481- 2353127, 7306464582** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാം.

7. റബ്ബർ ബോർഡിന് കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിംഗ് (എൻഐആർടി) 2025 ഫെബ്രുവരി 17 മുതൽ 21 വരെ ഡ്രൈ റബ്ബർ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിൽ അഞ്ച് ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ റബ്ബർ കോമ്പൗണ്ടിംഗ് തത്വങ്ങളെക്കുറിച്ചുള്ള വിഷയങ്ങൾ ഉൾപ്പെടുന്നു; വാർത്തെടുത്തതും പുറത്തെടുത്തതും കലണ്ടർ ചെയ്തതുമായ സാധനങ്ങൾ; പ്രോസസ്സ് കൺട്രോൾ, വൽക്കനൈസേഷൻ ടെസ്റ്റുകൾ; സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ (MSME) സ്കീമുകൾ; ഉൽപ്പന്നങ്ങളുടെ വിപണനം തുടങ്ങിയവ. വിശദവിവരങ്ങൾക്ക് ഫോണിൽ ബന്ധപ്പെടുക: 9446976726 അല്ലെങ്കിൽ Whatsapp 04812353201. ഇ-മെയിൽ: training@rubberboard.org.in.

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം